# വരുന്നു, വിശ്വാസ് സുരക്ഷ

■ ലൈംഗിക ചൂഷണത്തിനും മനുഷ്യക്കടത്തിനുമെതിരെ വ്യാപക ബോധവൽക്കരണം




പാലക്കാട് • കൗമാരക്കാർക്കെതിരെയുള്ള ലൈംഗിക ചൂഷണത്തിനും മനുഷ്യക്കടത്തിനുമെതിരെ വ്യാപക ബോധവൽക്കരണവും പരിശീലനവുമായി കുറ്റകൃത്യങ്ങളിലെ ഇരകൾക്കുവേണ്ടി പ്രവർത്തിക്കുന്ന വിശ്വാസ് സംഘടന രംഗത്ത്.

വിശ്വാസ് സുരക്ഷ എന്ന പേരിൽ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് ക്യാംപെയ്ൻ. 6നു രാവിലെ 9.30നു കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ മന്ത്രി എ.കെ.ബാലൻ ഉദ്ഘാടനം ചെയ്യും.

വിശ്വാസ് പ്രസിഡന്റ് കൂടിയായ കലക്ടർ ഡി.ബാലമുരളി അധ്യക്ഷതവഹിക്കും. ഐക്യരാഷ്ട്ര സംഘടന മനുഷ്യക്കടത്ത് വിരുദ്ധ വിഭാഗം നോഡൽ ഓഫിസർ ഡോ. പി.എം. നായർ ക്ലാസെടുക്കും. ഒട്ടേറെ കൗമാരക്കാർ പ്രണയം, കുടുംബ പ്രശ്നങ്ങൾ എന്നിവ മൂലം ഒളിച്ചോടി പലപ്പോഴും ലൈംഗിക ചൂഷണ കേന്ദ്രങ്ങളിലും മനുഷ്യക്കടത്തിലും ചെന്നുപെടുന്നത് കൂടുന്നതായി വിശ്വാസ് പ്രവർത്തകർ പറഞ്ഞു.

തുടക്കമെന്ന നിലയിൽ ഹയർ സെക്കൻഡറി വിദ്യാലയങ്ങളിലെ അധ്യാപകർക്ക് ആദ്യം ബോധവൽക്കരണം നടത്തും.

തുടർ നടപടികൾക്കുള്ള പരിശീലനവും നൽകുമെന്ന് വിശ്വാസ് സെക്രട്ടറി പി.പ്രേംനാഥ്, എസ്.ശാന്താദേവി, ട്രഷറർ ബി.ജയരാജൻ, ആർ.ദേവീകൃപ എന്നിവർ അറിയിച്ചു.

ഉദ്ഘാടന ചടങ്ങിൽ ഓൺലൈൻ ലൈംഗിക അതിക്രമങ്ങളെക്കുറിച്ച് ബോധിനി പ്രവർത്തക രാധ, നിയമവശങ്ങളെക്കുറിച്ച് വിശ്വാസ് സെക്രട്ടറി പി.പ്രേംനാഥ്, എസ്പി ജി.ശിവവിക്രം എന്നിവർ ക്ലാസെടുക്കും.

സിസിഎസ്ഇ ഡയറക്ടർ സച്ചിൻ താക്കൂർ, ഹയർ സെക്കൻഡറി ഡപ്യൂട്ടി ഡയറക്ടർ സ്നേഹലത എന്നിവർ പങ്കെടുക്കുന്ന ചർച്ച ഉണ്ടാകും.

വിശ്വാസ് സുരക്ഷയുടെ ലോഗോ എസ്പി പ്രകാശനം ചെയ്തു.

കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9400933444.